കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതികം - KEAM 2016 അഖിലേന്ത്യാ തലത്തിൽ പ്രവേശനം ലഭിക്കുന്നതിനായി വിട്ടുതൽ ചെയ്ത എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് അവർ അടച്ച ട്യൂഷൻ ഫീ തിരികെ നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

**സ.ഉ.(സാധാ) നം:54/2017/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 12.01.2017**

പരാമർശം: 1. പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ 06.01.2016-ലെ റ്റി.എ 1-5815/2015 പ്ര.പ.ക നമ്പർ കത്ത്.

2. സർക്കാർ ഉത്തരവ് (സാധാ) നം. 07/2017/ഉ.വി.വ തീയതി: 04.01.2017

## ഉത്തരവ്

സൂചന രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിച്ച 15.08.2016-ന് ശേഷം അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും സംസ്ഥാന സർക്കാർ അലോട്ട്മെന്റ് വഴി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ 2016-ലെ KEAM പ്രോസ്പെക്ടസിലെ വ്യവസ്ഥയായ ലിക്വിഡേറ്റഡ് ഡാമേജസിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന ഒന്നിലെ കത്ത് പ്രകാരം ടി വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കണമെന്നും അവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നതിന് പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നുമാണ് പ്രവേശനപരീക്ഷാ കമ്മീഷണർ ആവശ്യപ്പെട്ടത്.

സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിച്ച 15.08.2016-ന് ശേഷം അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും സംസ്ഥാന സർക്കാർ അലോട്ട്മെന്റ് വഴി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച സർക്കാർ/ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് അവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നതിനായി പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ബി. ശ്രീനിവാസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

പ്രവേശനപരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ,സി.സി.ഇ.കെ, ചാരച്ചിറ കവടിയാർ പി.ഒ, തിരുവനന്തപുരം -03

ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ